# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ .6 — 11.06.2012-ൽ മറുപടിക്ക്

## വിഴിഞ്ഞം മത്സ്യബന്ധന തുറമുഖ പദ്ധതിരേഖയ്ക്ക് അംഗീകാരം നേടൽ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ഡോ. എൻ.ജയരാജ്<br>ശ്രീ. റോഷി അഗസ്റ്റിൻ<br>,, പി. സി. ജോർജ് | | ശ്രീ. കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) | വിഴിഞ്ഞം മത്സ്യബന്ധന തുറമുഖം യാഥാർത്ഥ്യമാകുന്നതിന് എന്തെല്ലാം നടപടികൾ ഇനിയും സ്വീകരിക്കേണ്ടതുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) | വിഴിഞ്ഞം മത്സ്യബന്ധന തുറമുഖം യാഥാർത്ഥ്യമാകുന്നതിന് പ്രധാന തടസ്സമായിട്ടുള്ളത് ലേലപ്പുരകളുടെ നടുക്കായി സ്ഥിതി ചെയ്യുന്ന ഖബറാണ്. ഇത് സംരക്ഷിക്കുന്നതിനുള്ള പ്രവൃത്തി കരാർ വച്ച് പണി ആരംഭിച്ചെങ്കിലും നാട്ടുകാരിൽ ഒരു വിഭാഗത്തിന്റെ എതിർപ്പുമൂലം പണി തടസ്സപ്പെട്ടിരിക്കുകയാണ്. മത്സ്യബന്ധന തുറമുഖം യാഥാർത്ഥ്യമാക്കുന്നതിന് ഡ്രഡ്ജിംഗ്, ഫെൻഡറുകൾ പിടിപ്പിക്കൽ, ഗേറ്റ് ഹൗസ്, ഗാർഡ്റൂം, സെപ്റ്റിക് ടാങ്ക്, ടോയ്‌ലറ്റുകൾ, പാർക്കിംഗ് ഏരിയ, വൈദ്യുതീകരണം, ജലവിതരണം എന്നിവ പൂർത്തിയാക്കേണ്ടതുണ്ട്. |
| (ബി) | പ്രസ്തുത മത്സ്യബന്ധന തുറമുഖം ആധുനീകവൽക്കരിക്കുന്നതിനുള്ള പദ്ധതിരേഖയ്ക്ക് അംഗീകാരം ലഭിച്ചുവോ; പദ്ധതിരേഖ എന്നാണ് കേന്ദ്രത്തിന് സമർപ്പിച്ചത്; വിശദാംശം ലഭ്യമാക്കുമോ; | (ബി) | വിഴിഞ്ഞം മത്സ്യബന്ധന തുറമുഖം ആധുനിക വൽക്കരണത്തിനായി പ്രത്യേക പദ്ധതി തയ്യാറാക്കിയിട്ടില്ല. എന്നാൽ വിഴിഞ്ഞം സൗത്ത് ഫിഷ് ലാൻഡിംഗ് സെന്റർ നവീകരണത്തിന് 675 ലക്ഷം രൂപയുടെ പദ്ധതി 28.01.2012-ലെ 16919/B2/11 /F&PD കത്ത് പ്രകാരം NFDB-ക്ക് സമർപ്പിച്ചിട്ടുണ്ട്. |
| (സി) | നടപ്പ് സാമ്പത്തിക വർഷം തന്നെ പ്രസ്തുത പദ്ധതിക്ക് കേന്ദ്രത്തിന്റെ അംഗീകാരം നേടിയെടുത്ത് മത്സ്യബന്ധന തുറമുഖം യാഥാർത്ഥ്യമാക്കാൻ നടപടി സ്വീകരിക്കുമോ? | (സി) | പദ്ധതിക്ക് NFDB-യുടെ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് നവീകരണ പ്രവൃത്തി നടപ്പാക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ